**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1544** **03-02-2026 - ൽ മറുപടിയ്ക്ക്**

**ആയുധ ലൈസൻസ് വൈകിയതിനുള്ള അപ്പീൽ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീ. സജി മാത്യൂ, (പരിയാത്ത് പടവിൽ വീട്, അയർക്കുന്നം PO, കോട്ടയം) ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസ് ഫയൽ നമ്പർ 879596/25 (തീയതി 05.12.2025) പ്രകാരം സമർപ്പിച്ച ആയുധ ലൈസൻസ് അപ്പീൽ വൈകിയതിനുള്ള ക്ഷമാപണം സംബന്ധിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 15/01/2026-ൽ അപ്പീൽ ഫയലിൽ സ്വീകരിക്കുകയും, 21/01/2026-ന് ബന്ധപ്പെട്ട ഫയലും കാര്യവിവര പത്രികയും ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് കത്തയക്കുകയും അപ്പലന്റിനെ അപ്പീൽ ഫയലിൽ സ്വീകരിച്ച വിവരത്തിന് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കോട്ടയം ജില്ലാ കളക്ടർ ആയുധ ലൈസൻസ് അപേക്ഷ നിരസിച്ച ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ തെറ്റായ ഓഫീസിൽ (അഡീഷണൽ ചീഫ് സെക്രട്ടറി) സമർപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ കാലതാമസം, ന്യായമായ കാരണമായി അംഗീകരിക്കാമോ; | (ബി) | അപ്പീൽ വാദി, കാലതാമസം സംബന്ധിച്ച് ഫീസ് അടച്ച് മാപ്പപേക്ഷ സമർപ്പിച്ചതിനാൽ അപ്പീൽ അംഗീകരിച്ചിട്ടുണ്ട്. |
| (സി) | അപ്പീൽ സമർപ്പണ നടപടിക്രമങ്ങളെക്കുറിച്ചുള്ള അവബോധക്കുറവും തെറ്റായ മാർഗനിർദേശവും കണക്കിലെടുത്ത്, അപേക്ഷകനെതിരെ ശിക്ഷാതുല്യ നടപടികൾ ഒഴിവാക്കി അപ്പീൽ കാര്യപരമായി പരിഗണിക്കാമോ; | (സി) | 15/01/2026-ൽ അപ്പിൽ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. അപ്പീൽ പരിഗണിയ്ക്കുന്നത് ഒരു ക്വാസി ജുഡീഷ്യൽ നടപടിയാണ്. ഇരു കക്ഷികളുടെയും വാദം കേൾക്കുകയും ബന്ധപ്പെട്ട ഫയലും അപ്പീൽ അപേക്ഷയും പരിശോധിക്കുകയും ചെയ്തതിനുശേഷം മാത്രമേ അപ്പീൽ ഹർജിയിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ഫയൽ നം. 879596/25 പ്രകാരമുള്ള അപ്പീൽ സ്വീകരിച്ച്, ആയുധ ലൈസൻസ് അപേക്ഷ വിഷയത്തിൽ പുതുതായി തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകാമോ? | (ഡി) | 15/01/2026-ൽ അപ്പിൽ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. അപ്പീൽ പരിഗണിയ്ക്കുന്നത് ഒരു ക്വാസി ജുഡീഷ്യൽ നടപടിയാണ്. ഇരു കക്ഷികളുടെയും വാദം കേൾക്കുകയും ബന്ധപ്പെട്ട ഫയലും അപ്പീൽ അപേക്ഷയും പരിശോധിക്കുകയും ചെയ്തതിനുശേഷം മാത്രമേ അപ്പീൽ ഹർജിയിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ